published on 12.10.15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 367

# 2015-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 367

# 2015-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1003/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 367

# 2015-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

## 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3എ. അബ്കാരിത്തൊഴിലാളി അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ.—

(1) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കപ്പെടുന്ന തൊഴിലാളികളുടെ ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട് ബോർഡിലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ സൂക്ഷിക്കേണ്ടതാണ്.

(2) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ ഓരോ വർഷവും അംഗത്വം നേടിയവരുടെയും അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടവരുടെയും പേരും വിശദാംശങ്ങളും അടങ്ങുന്ന ഒരു ലിസ്റ്റ് ചീഫ്വെൽ ഫെയർ ഫണ്ട് ഇൻസ്പെക്ടർ ജനുവരി 1-ാം തീയതിക്കു മുൻപായി പൊതുഅറിവിലേക്കും ആക്ഷേപമുണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനുമായി അദ്ദേഹത്തിന്റെ ആഫീസിലെയും അതിനു താഴെയുള്ള മറ്റെല്ലാ ആഫീസുകളിലെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പു പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റിനുള്ള ഏതെങ്കിലും ആക്ഷേപം, ലിസ്റ്റ് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ബോർഡിലെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ മുൻപാകെ സമർപ്പിക്കാവുന്നതാണ്.

(4) ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ എല്ലാ ആക്ഷേപങ്ങളും ബോർഡിന്റെ ചെയർമാൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാൻ ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതും, ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനു ശേഷം തീരുമാനം കൈക്കൊള്ളേണ്ടതും, തീരുമാനത്തിന് അനുസൃതമായി ലിസ്ററിൽ തിരുത്തൽ വരുത്തേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളെ തൊഴിലുടമകൾ യഥാസമയം കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്യിക്കാത്തതുമൂലം തൊഴിലാളികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതായും തൊഴിലുടമകളുടെ പ്രസ്തുത പ്രവൃത്തി തടയുന്നതിന് നിലവിലെ ആക്റ്റിൽ വ്യവസ്ഥയില്ലാത്തതിനാൽ നിയമപരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ആക്റ്റിൽ അബ്കാരി തൊഴിലാളികളുടെ ലിസ്റ്റ് ഓരോ വർഷവും പുതുക്കി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനും അതിനനുസരിച്ച് പ്രസ്തുത ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഷിബു ബേബി ജോൺ

## 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1989-ലെ 19) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3. അബ്കാരിത്തൊഴിലാളി ക്ഷേമനിധി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി അബ്കാരിത്തൊഴിലാളികൾക്കുവേണ്ടി ഈ ആക്റ്റിൻകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി അബ്കാരിത്തൊഴിലാളി ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കേണ്ടതും പദ്ധതി തയ്യാറാക്കിയശേഷം, കഴിയുന്നത്രവേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്ന വരവുകൊള്ളിക്കേണ്ടതാണ്:—

(എ) 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായങ്ങളും ഗ്രാറ്റുവിറ്റിയും;

(ബി) 10-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുക;

(സി) 20-ാം വകുപ്പുപ്രകാരം വസൂലാക്കിയ നഷ്ടപരിഹാരം;

(ഡി) ഭാരത സർക്കാരോ സംസ്ഥാന സർക്കാരോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകുന്ന ഗ്രാന്റുകൾ, അല്ലെങ്കിൽ മുൻകൂറുകൾ;

(ഇ) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതെങ്കിലും സംഭാവന;

(എഫ്) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാനായി മറ്റു മാർഗ്ഗങ്ങളിൽ കൂടി ബോർഡ് ആർജ്ജിക്കുന്ന ഏതെങ്കിലും തുക;

(ജി) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

(എച്ച്) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുക.

(3) നിധി 6-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് കൈകാര്യം ചെയ്യേണ്ടതുമാണ്".

(4) നിധി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) പെൻഷൻ നൽകുന്നതിന്;

(ബി) പ്രോവിഡന്റ് ഫണ്ട് നൽകുന്നതിന്;

(സി) ഗ്രാറ്റുവിറ്റി നൽകുന്നതിന്;

(ഡി) കുടുംബ പെൻഷൻ നൽകുന്നതിന്;

(ഇ) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(എഫ്) മക്കളുടെ വിവാഹ ചെലവുകൾക്കോ ആശ്രിതരുടെ രോഗം അല്ലെങ്കിൽ മരണം സംബന്ധിച്ച ചെലവുകൾക്കോ മക്കളുടെ വിദ്യാഭ്യാസ ചെലവുകൾക്കോ, ഭവനനിർമ്മാണത്തിനോ അറ്റകുറ്റപ്പണികൾക്കോ ഉള്ള ചെലവുകൾക്കോ ഒരംഗത്തിന് വായ്പകളോ ഗ്രാന്റുകളോ നൽകുന്നതിന്;

(ജി) തത്സമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമപ്രകാരം പ്രസവാനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്ത സ്ത്രീകളായ അബ്കാരിത്തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്;

(എച്ച്) പ്രകൃതിക്ഷോഭത്താലോ സാംക്രമിക രോഗത്താലോ കഷ്ടപ്പെടുന്ന ഒരംഗത്തിന്റെ കുടുംബത്തിന് ദുരിതാശ്വാസം നൽകുന്നതിന്;

(ഐ) അബ്കാരിത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും,—

(i) ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിന്;

(ii) വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും പാർട്ട്-ടൈം ജോലിക്കുള്ള സൗകര്യങ്ങളും നൽകുന്നതിന്;

(ജെ) അബ്കാരിത്തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി നേഴ്സറികളും ശിശുസംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന്;

(കെ) പദ്ധതിയിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ഉദ്ദേശം നടപ്പിലാക്കുന്നതിന്;

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി (1)-ാം ഉപവകുപ്പുപ്രകാരം തയ്യാറാക്കിയ പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ അഥവാ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(6) പദ്ധതി തയ്യാറാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിപ്പിക്കുന്നതിനുമുമ്പ് നിയമസഭ പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തിയാൽ പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

** ** ** **